# ഉപയോഗത്തിനായുള്ള നിർദ്ദേശങ്ങൾ


## കുത്തിവയ്പ്പിനുള്ള, ചർമ്മത്തിനടിയിലൂടെയുള്ള ഉപയോഗത്തിനായുള്ള റസ്ഫെർട്ടൈഡ് (പിടിജി-300)

ഈ "ഉപയോഗത്തിനായുള്ള നിർദ്ദേശങ്ങളിൽ" പിടിജി-300 എങ്ങനെ തയ്യാറാക്കാമെന്നും കുത്തിവയ്ക്കാമെന്നുമുള്ള വിവരങ്ങൾ അടങ്ങിയിരിക്കുന്നു.
പിടിജി-300 എങ്ങനെ തയ്യാറാക്കാം കൂടാതെ/അല്ലെങ്കിൽ കുത്തിവയ്ക്കണം എന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചോദ്യങ്ങൾ ഉണ്ടെങ്കിൽ, ദയവായി നിങ്ങളുടെ ക്ലിനിക്കൽ സൈറ്റിനെ ബന്ധപ്പെടുക.

### പിടിജി-300 കുത്തിവയ്ക്കുന്നതിന് മുമ്പ് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതായ പ്രധാന വിവരങ്ങൾ

- **പിടിജി-300 തയ്യാറാക്കാനും കുത്തിവയ്ക്കാനും തുടങ്ങുന്നതിന് മുമ്പ് താഴെ കൊടുത്തിരിക്കുന്ന ഉപയോഗത്തിനായുള്ള എല്ലാ നിർദ്ദേശങ്ങളും വായിക്കുക.**
- **മരുന്ന് കിറ്റിനൊപ്പം നൽകിയിരിക്കുന്ന സാധനങ്ങൾ മാത്രം ഉപയോഗിക്കുക.**
- കിറ്റ് കാലഹരണപ്പെട്ടതാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങൾ തുറന്നതോ കേടുപാടുകൾ സംഭവിച്ചതോ ആണെങ്കിൽ അല്ലെങ്കിൽ കാണാനില്ലെങ്കിൽ **ഉപയോഗിക്കരുത്.** ക്ലിനിക്കൽ സൈറ്റുമായി ബന്ധപ്പെടുക.
- അന്തഃരീക്ഷ ഊഷ്മാവിന്റെ താപനിലയിലേയ്ക്ക് എത്താൻ അനുവദിക്കുന്നതിനായി, തയ്യാറാക്കാൻ നിങ്ങൾ ആരംഭിക്കുന്നതിന് കുറഞ്ഞത് 15 മിനിറ്റെങ്കിലും മുമ്പ് കിറ്റ് റഫ്രിജറേറ്ററിൽ നിന്ന് പുറത്തെടുക്കുക.
- നിങ്ങൾ ഓരോ തവണ കുത്തിവയ്ക്കുമ്പോഴും നിങ്ങളുടെ മരുന്ന് കിറ്റിന് പുറമെ നിങ്ങൾക്ക് ഒരു ഷാർപ്സ് കണ്ടെയ്നർ (ക്ലിനിക്കൽ സൈറ്റ് നൽകുന്നത്) **ആവശ്യമാണ്.**
- വയലിന്റെ മുകളിലെ ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പറിൽ **സ്പർശിക്കരുത്.**
- സിറിഞ്ചിന്റെ അഗ്രം അല്ലെങ്കിൽ സൂചി നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സ്പർശിക്കാൻ അനുവദിക്കരുത്.
- മരുന്ന് കലർത്തി **4 മണിക്കൂറിനുള്ളിൽ** അത് കുത്തിവയ്ക്കുക.
- ചർമ്മത്തിനടിയിലുള്ള കുത്തിവയ്പ്പിനായി മാത്രം (ചർമ്മത്തിന് തൊട്ടുതാഴെയുള്ള കൊഴുപ്പടങ്ങിയ പാളിയിലേയ്ക്ക് നേരിട്ട് കുത്തിവയ്ക്കുക).
- സുരക്ഷിതമായ കൈകാര്യം ചെയ്യൽ ഉൾപ്പെടെ, കിറ്റിൽ നിന്നുള്ള സാധനങ്ങൾ എങ്ങനെ ശരിയായവിധം ഡിസ്പോസ് ചെയ്യാം അല്ലെങ്കിൽ തിരികെ നൽകാം എന്നതിനെക്കുറിച്ചുള്ള റസ്ഫെർട്ടൈഡിന്റെ (പിടിജി-300) ഡിസ്പോസിംഗ് എന്ന സെക്ഷൻ റഫർ ചെയ്യുക. എല്ലാ സാധനങ്ങളും ഒരൊറ്റ ഉപയോഗത്തിന് മാത്രമുള്ളതാണ്.
- ഉപയോഗിക്കാത്ത മരുന്നിന്റെ വയലുകൾ ക്ലിനിക്കൽ സൈറ്റിലേയ്ക്ക് തിരികെ നൽകുക.

### ഉപയോഗിക്കുന്നതിന് മുമ്പ് പിടിജി-300 സൂക്ഷിച്ചുവയ്ക്കൽ




ചിത്രം എ

- പിടിജി-300 കിറ്റ് റഫ്രിജറേറ്ററിൽ സൂക്ഷിക്കുക (2°C മുതൽ 8°C വരെ/36°F മുതൽ 46°F വരെ) (ചിത്രം എ).
- ഫ്രീസ് **ചെയ്യരുത്.**
- **കുട്ടികൾക്ക് എത്താത്തിടത്ത് സൂക്ഷിച്ചുവയ്ക്കുക.**

## ഘട്ടം 1: ആരംഭിക്കുന്നു

### 1.1



ചിത്രം ബി

- നിങ്ങൾ ഡോസ് തയ്യാറാക്കാൻ തുടങ്ങുന്നതിന് കുറഞ്ഞത് 15 മിനിറ്റെങ്കിലും മുമ്പ് റഫ്രിജറേറ്ററിൽ നിന്ന് കിറ്റ് പുറത്തെടുക്കുക (ചിത്രം ബി).
- വൃത്തിയുള്ള പരന്ന പ്രതലത്തിൽ വയ്ക്കുക, അന്തഃരീക്ഷ ഊഷ്മാവിന്റെ താപനിലയിലേയ്ക്ക് എത്താൻ അനുവദിക്കുന്നതിനായി, **കുറഞ്ഞത് 15 മിനിറ്റെങ്കിലും അത് അവിടെത്തന്നെ ഇരിക്കാൻ അനുവദിക്കുക.**


### 1.2



ചിത്രം സി

- സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകുക (ചിത്രം സി).


### 1.3




ചിത്രം ഡി

- കിറ്റിന്റെ കാർട്ടണിന് പുറത്തുള്ള **കാലഹരണ തീയതി** പരിശോധിക്കുക (ചിത്രം ഡി).
- സാധനങ്ങൾ **തുറന്നിട്ടുണ്ടോ, കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ അല്ലെങ്കിൽ കാണാതായിട്ടുണ്ടോ** എന്ന് പരിശോധിക്കുക.
- കിറ്റ് കാലഹരണപ്പെട്ടതാണെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും സാധനങ്ങൾ തുറന്നതോ കേടുപാടുകൾ സംഭവിച്ചതോ ആണെങ്കിൽ അല്ലെങ്കിൽ കാണാനില്ലെങ്കിൽ **ഉപയോഗിക്കരുത്.** ക്ലിനിക്കൽ സൈറ്റുമായി ബന്ധപ്പെടുക.

### 1.4




പൗഡർ അടങ്ങിയ പിടിജി-300 മരുന്നിന്റെ വയൽ | പ്രീ-ഫിൽഡ് ഡൈലൂവന്റ് സിറിഞ്ച് | സൂചി | വയൽ അഡാപ്റ്റർ

ചിത്രം ഇ

- എല്ലാ സാധനങ്ങളും കിറ്റിൽ ഉണ്ടെന്ന് സ്ഥിരീകരിക്കുക (ചിത്രം ഇ). കിറ്റിൽ നിന്ന് സാധനങ്ങൾ എടുത്ത് വൃത്തിയുള്ള ഒരു പ്രതലത്തിൽ വയ്ക്കുക.

**കുറിപ്പ്:** കിറ്റിൽ വരുന്ന ഇനങ്ങൾക്ക് പുറമെ, നിങ്ങൾക്ക് ആൽക്കഹോൾ സ്വാബുകളും പ്രത്യേകം നൽകിയിട്ടുള്ള ഷാർപ്സ് കണ്ടെയ്നറും ആവശ്യമാണ് (ചിത്രം എഫ്).




ആൽക്കഹോൾ സ്വാബുകൾ | ഷാർപ്സ് കണ്ടെയ്നർ

ചിത്രം എഫ്

# ഘട്ടം 2: റസ്ഫെർട്ടൈഡിന്റെ (പിടിജി-300) പുനഃർനിർമ്മാണം

## 2.1


ഉൾഭാഗം നിങ്ങൾക്ക് കാണാൻ കഴിയുന്നതുവരെ



ചിത്രം ജി

- ലേബൽ മുഴുവനും പൊളിച്ചെടുക്കുക. പിടിജി-300 മരുന്ന് വയലിന്റെ ഉൾഭാഗം നിങ്ങൾക്ക് കാണാൻ കഴിയണം (ചിത്രം ജി).

## 2.2



ചിത്രം എച്ച്

- പിടിജി-300 മരുന്ന് വയലിൽ നിന്ന് അടപ്പ് നീക്കം ചെയ്യുക (ചിത്രം എച്ച്). വയലിന്റെ അടപ്പ് കളയുക.

## 2.3




ചിത്രം ഐ

- പിടിജി-300 മരുന്ന് വയലിന്റെ മുകളിലുള്ള ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പർ ഒരു പുതിയ ആൽക്കഹോൾ സ്വാബ് ഉപയോഗിച്ച് വൃത്തിയാക്കുക (ചിത്രം ഐ).

  വൃത്തിയാക്കിയ ശേഷം വയലിന്റെ മുകളിലുള്ള ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പറിൽ നിങ്ങളുടെ കൈകൊണ്ട് **സ്പർശിക്കരുത്**.

## 2.4




ചിത്രം ജെ

- വയൽ അഡാപ്റ്റർ അതിന്റെ പായ്ക്കേജിൽ നിന്ന് എടുക്കുക (ചിത്രം ജെ).

  അഡാപ്റ്റർ സ്പൈക്കിൽ സ്പർശിക്കുകയോ ഒരു പ്രതലത്തിൽ വയ്ക്കുകയോ **ചെയ്യരുത്**.

## 2.5




ചിത്രം കെ

- വയലിന്റെ മുകളിലേയ്ക്ക്, സ്നാപ്പ് ചെയ്ത് പൂർണ്ണമായി അത് ഘടിപ്പിക്കുന്നതുവരെ അഡാപ്റ്റർ നേരെ താഴേയ്ക്ക് തള്ളുക (ചിത്രം കെ). ഒരു കോണിൽ വയൽ അഡാപ്റ്റർ **ഘടിപ്പിക്കരുത്**.

  **കുറിപ്പ്:** വയൽ അഡാപ്റ്ററിലെ സ്പൈക്ക് ചാരനിറത്തിലുള്ള റബ്ബർ സ്റ്റോപ്പറിലൂടെ പഞ്ച് ചെയ്യണം.


## 2.6



ചിത്രം എൽ

- ഒരു കൈകൊണ്ട് വയൽ അഡാപ്റ്റർ പിടിച്ച് വയൽ അഡാപ്റ്ററിന്റെ അടപ്പ് നീക്കം ചെയ്യുക, മറ്റേ കൈകൊണ്ട്, അത് ഉയർത്തുന്നതുവരെ വിപരീത ഘടികാരദിശയിൽ/ഇടതുവശത്തേയ്ക്ക് തിരിച്ചുകൊണ്ട് അടപ്പ് അഴിച്ചുമാറ്റുക (ചിത്രം എൽ). വയൽ അഡാപ്റ്റർ അടപ്പ് കളയുക. വയൽ അഡാപ്റ്ററിന്റെ അഗ്രത്തിൽ **സ്പർശിക്കരുത്**.

## 2.7




ചിത്രം എം

- പ്രീ-ഫിൽഡ് ഡൈലുവന്റ് സിറിഞ്ചിൽ നിന്ന് അടപ്പ്, അത് ഉയരുന്നതുവരെ വിപരീത ഘടികാരദിശയിൽ/ഇടതുവശത്തേയ്ക്ക് തിരിച്ചുകൊണ്ട് (ചിത്രം എം) നീക്കം ചെയ്യുക. സിറിഞ്ചിന്റെ അടപ്പ് കളയുക.

  പ്രീ-ഫിൽഡ് സിറിഞ്ചിന്റെ ദൃശ്യമായ അഗ്രത്തിൽ സ്പ**ർശിക്കരുത്**.

## 2.8




ചിത്രം എൻ

- വയൽ പിടിച്ചുകൊണ്ട് പിടിജി-300 വയൽ അഡാപ്റ്ററിലേയ്ക്ക് സിറിഞ്ച് ഘടിപ്പിക്കുക, നിങ്ങൾക്ക് പ്രതിരോധം അനുഭവപ്പെടുന്നതുവരെ ഘടികാരദിശയിലേയ്ക്ക്/വലത്തോട്ട് തിരിച്ചുകൊണ്ട് സിറിഞ്ച് വയൽ അഡാപ്റ്ററിലേയ്ക്ക് തിരിച്ച് ഇറക്കുക (ചിത്രം എൻ).

  കൂടുതലായി **മുറുക്കരുത്**.

അടുത്ത പേജിലേയ്ക്ക് പോകുക

## 2.9




ചിത്രം ഒ

- പൂർണ്ണമായും ഡിപ്രെസ്സ് ആകുന്നതുവരെ സിറിഞ്ച് പ്ലങ്കർ **സാവധാനം** താഴേയ്ക്ക് തള്ളിക്കൊണ്ട് മരുന്നിന്റെ വയലിലേയ്ക്ക് ഡൈലുവന്റ് ഇൻജെക്റ്റ് ചെയ്യുക (ചിത്രം ഒ).

## 2.10

**<u>60 സെക്കൻഡ്</u> നേരം സാവധാനം ചുഴറ്റുക**



ചിത്രം പി


- **കുറഞ്ഞത് 60 സെക്കൻഡ്** നേരം മരുന്ന് വയൽ സാവധാനത്തിലും മൃദുവായും ചുഴറ്റിക്കൊണ്ട് ഡൈലുവന്റും മരുന്നും കലർത്തുക (ചിത്രം പി). മരുന്നിന് നുരയുള്ള രൂപം ഉണ്ടായിരിക്കാം.

  **കുലുക്കരുത്.**

  **കുറിപ്പ്:** മരുന്ന് കലർത്തി **4 മണിക്കൂറിനുള്ളിൽ** അത് കുത്തിവയ്ക്കുക.

## 2.11


**വയലിനെ <u>60 സെക്കൻഡ്</u> നേരം അനക്കാതെ വെയ്ക്കുക**



ചിത്രം ക്യു

- വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ വയൽ വയ്ക്കുക, ദ്രാവകം സെറ്റിലാകാനും നുര നീങ്ങാനും അനുവദിക്കുന്നതിന് **കുറഞ്ഞത് 60 സെക്കൻഡ് നേരം അനക്കാതെ വെയ്ക്കുക** (ചിത്രം ക്യു).

## 2.12




ചിത്രം ആർ

- ദ്രാവകം സെറ്റിലായിക്കഴിഞ്ഞാൽ, ദ്രാവകം പരിശോധിക്കുക (ചിത്രം ആർ). ഇത് നേരിയ നുരയോടെ തെളിഞ്ഞതും നിറമില്ലാത്തതും ദൃശ്യമായ കണികകളിൽ നിന്ന് മുക്തവുമായിരിക്കണം.

  ദ്രാവകം നിറമുള്ളതായി കാണുന്നുവെങ്കിൽ അല്ലെങ്കിൽ കണികകൾ അടങ്ങിയിട്ടുണ്ടെങ്കിൽ വയൽ **ഉപയോഗിക്കരുത്**.

## ഘട്ടം 2: റസ്ഫെർട്ടൈഡിന്റെ (പിടിജി-300) പുനഃർനിർമ്മാണം തുടരുന്നു


**2.13**



ചിത്രം എസ്

- കലർത്തുന്ന സമയത്ത് പ്ലഞ്ചർ ഉയർന്നിരിക്കാമെന്നതിനാൽ പ്ലഞ്ചർ മുഴുവനായും താഴേയ്ക്ക് അമർത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുക (ചിത്രം എസ്).


**2.14**



ചിത്രം ടി

- പിടിജി-300 മരുന്ന് വയൽ ഇപ്പോൾ മുകളിലാകുന്നതിനായി തലകീഴായി തിരിച്ചു പിടിക്കുക (ചിത്രം ടി).

**2.15**




ചിത്രം യു

- കൂട്ടിക്കലർത്തിയ എല്ലാ മരുന്നും പ്ലഞ്ചർ സാവധാനം താഴേയ്ക്ക് വലിച്ചുകൊണ്ട് സിറിഞ്ചിലേയ്ക്ക് വലിച്ചെടുക്കുക (ചിത്രം യു). വയലിൽ ദ്രാവകത്തിന്റെ കുറച്ച് തുള്ളി അവശേഷിക്കുന്നത് സാധാരണമാണ്.

**ശ്രദ്ധിക്കുക**, സിറിഞ്ചിൽ നിന്ന് പ്ലഞ്ചർ റോഡ് **വലിച്ചെടുക്കരുത്.**

**കുറിപ്പ്:** ദ്രാവകം എടുത്തതിന് ശേഷം സിറിഞ്ചിൽ വായു വിടവ്/കുമിള ഉണ്ടാകുന്നത് സാധാരണമാണ്.

**2.16**





ചിത്രം വി

- ഒരു കൈകൊണ്ട് സിറിഞ്ച് പിടിക്കുമ്പോൾത്തന്നെ, വയലിന്റെ അഡാപ്റ്ററിൽ പിടിച്ച് വയലിന്റെ അസംബ്ലി (വയലും വയലിന്റെ അഡാപ്റ്ററും), നിറച്ച സിറിഞ്ചിൽ നിന്ന് വിപരീത ഘടികാരദിശയിൽ/ഇടത്തേയ്ക്ക് തിരിച്ച് അഴിച്ചെടുക്കുക (ചിത്രം വി).

ശൂന്യമായ വയൽ ഷാർപ്സ് ഡിസ്പോസൽ കണ്ടെയ്നറിലോ ക്ലിനിക്കൽ സൈറ്റ് നിർദ്ദേശിച്ച പ്രകാരമോ കളയുക.


**2.17**



ചിത്രം ഡബ്ല്യു

- നിറച്ച സിറിഞ്ച് വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ മാറ്റിവയ്ക്കുക. നിങ്ങളുടെ കൈകളിലോ ഏതെങ്കിലും പ്രതലത്തിലോ സിറിഞ്ചിന്റെ മുന സ്പർശിക്കുന്നതിന് ഇടവരരുത് (ചിത്രം ഡബ്ല്യു).

**2.18**




ചിത്രം എക്സ്

- പായ്ക്കേജിംഗിൽ നിന്ന് സൂചി പുറത്തെടുക്കുക (ചിത്രം എക്സ്).

സൂചിയുടെ താഴെ/തുറന്ന അറ്റത്ത് സ്പർശിക്കരുത്.


**2.19**



ചിത്രം വൈ

- ഒരു കൈയ്യിൽ സിറിഞ്ച് പിടിച്ച്, നിങ്ങൾക്ക് പ്രതിരോധം അനുഭവപ്പെടുന്നതുവരെ സൂചി സിറിഞ്ചിലേയ്ക്ക് ഘടികാരദിശയിൽ/വലത്തേയ്ക്ക് തിരിച്ചുകൊണ്ട് സ്ക്രൂ ചെയ്യുക (ചിത്രം വൈ).

**2.20**




ചിത്രം സെഡ്

- തയ്യാറാക്കിയ സിറിഞ്ച് വൃത്തിയുള്ള ഒരു പരന്ന പ്രതലത്തിൽ മാറ്റിവെയ്ക്കുക (ചിത്രം സെഡ്).

## ഘട്ടം 3: ഇൻജെക്ഷൻ സൈറ്റ് തയ്യാറാക്കൽ

**3.1** മുൻവശത്തുനിന്നുള്ള കാഴ്ച




ചിത്രം എഎ

- താഴെ പറയുന്ന ശുപാർശ ചെയ്തിരിക്കുന്ന ഇൻജെക്ഷൻ സൈറ്റുകളിൽ ഒന്ന് തിരഞ്ഞെടുക്കുക (ചിത്രം എഎ):
  - **ഉദരം** (പൊക്കിളിൽ [ബെല്ലി ബട്ടൺ] നിന്ന് കുറഞ്ഞത് 2 ഇഞ്ച് അകലെ)
  - **തുടയുടെ മദ്ധ്യഭാഗം**
  - നിങ്ങൾ കുത്തിവയ്പ്പ് തയ്യാറാക്കുകയും നൽകുകയും ചെയ്യുന്ന ഒരു പരിചരണദാതാവ് ആണെങ്കിൽ, രോഗിയുടെ കൈയ്യുടെ മുകളിലെ പുറംഭാഗവും ആവശ്യമെങ്കിൽ നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

ചർമ്മത്തിലെ മൃദുവോ ക്ഷതമുള്ളതോ ചുവന്നതോ അസ്വസ്ഥതയുള്ളതോ കാഠിന്യമുള്ളതോ പൊട്ടിയതോ ആയ ഒരു സ്ഥാനം **തിരഞ്ഞെടുക്കരുത്.**

ഒരേ സ്ഥലത്ത് തുടർച്ചയായി രണ്ടു തവണ **കുത്തിവയ്ക്കരുത്.** കുത്തിവയ്പ്പു സ്ഥാനങ്ങൾ മാറ്റിക്കൊണ്ടിരിക്കുക. നിങ്ങളുടെ കുത്തിവയ്പ് സ്ഥാനങ്ങൾ ആവശ്യമെങ്കിൽ എഴുതിവെയ്ക്കുക അല്ലെങ്കിൽ ലോഗ് ചെയ്യുക.

**3.2**




ചിത്രം എബി

- ഒരു പുതിയ ആൽക്കഹോൾ സ്വാബ് ഉപയോഗിച്ച് തിരഞ്ഞെടുത്ത കുത്തിവയ്പ് സ്ഥാനം വൃത്തിയാക്കുക (ചിത്രം എബി). ഉപയോഗിച്ച സ്വാബ് കളയുക.
- വായുവിൽ ഉണങ്ങാൻ അനുവദിക്കുക.

## ഘട്ടം 4: റസ്ഫെർട്ടൈഡ് (പിടിജി-300) കുത്തിവയ്ക്കൽ


### 4.1



ചിത്രം എസി

- പിങ്ക് സൂചിയുടെ ഷീൽഡ് പിന്നിലേയ്ക്ക് വലിക്കുക (ചിത്രം എസി).


### 4.2



ചിത്രം എഡി

- ഒരു കൈകൊണ്ട് സിറിഞ്ച് പിടിച്ച്, മറ്റേ കൈകൊണ്ട് **അടപ്പ് അനക്കാതെ നേരെ വലിച്ചൂരിക്കൊണ്ട്** സൂചിയുടെ അടപ്പ് നീക്കം ചെയ്യുക (ചിത്രം എഡി).
- നിങ്ങൾ അടപ്പ് വലിച്ചെടുക്കുമ്പോൾ സൂചിയിൽ നിന്ന് നിങ്ങളുടെ കൈ അകറ്റിപ്പിടിയ്ക്കുക, അങ്ങനെ നിങ്ങൾക്ക് സൂചികൊണ്ട് കുത്തലേൽക്കില്ല.


### 4.3



ചിത്രം എഇ

- **സിറിഞ്ചിൽനിന്ന് വായു നീക്കം ചെയ്യുക** (ചിത്രം എഇ). ഇത് ചെയ്യുന്നതിനായി:
  - സൂചിയുടെ അറ്റം നേരെ മുകളിലേയ്ക്ക് വരുന്നവിധം സിറിഞ്ച് പിടിക്കുക.
  - വായു അല്ലെങ്കിൽ കുമിളകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ സിറിഞ്ചിന്റെ അഗ്രത്തിലേയ്ക്ക് നീക്കാൻ സിറിഞ്ചിൽ ടാപ്പ് ചെയ്യുക.
  - വായു അല്ലെങ്കിൽ കുമിളകൾ നീക്കം ചെയ്യാനായി സിറിഞ്ചിന്റെ പ്ലഞ്ചർ **സാവധാനം ശ്രദ്ധാപൂർവ്വം** തള്ളുക. സൂചിയുടെ അറ്റത്ത് ദ്രാവകം ദൃശ്യമാകുമ്പോൾ തള്ളുന്നത് നിർത്തുക.
  - 1 മുതൽ 2 തുള്ളി വരെയുള്ള ദ്രാവകത്തിൽ കൂടുതൽ പുറന്തള്ളരുത്. ഒരു ചെറിയ വായു വിടവ്/കുമിള സിറിഞ്ചിൽ അവശേഷിക്കുന്നതിൽ കുഴപ്പമില്ല.


### 4.4



ചിത്രം എഎഫ്

- കുത്തിവയ്ക്കുന്ന സ്ഥാനത്തെ ചർമ്മം നുള്ളിപ്പിടിക്കാൻ ഒരു കൈ ഉപയോഗിക്കുക (ചിത്രം എഎഫ്). ചർമ്മത്തിന് തൊട്ടുതാഴെയുള്ള ഫാറ്റി ടിഷ്യുവിലേയ്ക്ക് സൂചി കടത്താൻ ഇത് നിങ്ങളെ അനുവദിക്കുന്നു.


### 4.5




ചിത്രം എജി

- നുള്ളിപ്പിടിച്ച ചർമ്മത്തിലേയ്ക്ക് 45-90 ഡിഗ്രി ആംഗിളിൽ സൂചി കടത്തുക (ചിത്രം എജി).
- അതിനുശേഷം നുള്ളിപ്പിടിച്ച ചർമ്മം വിടുക.

### 4.6




ചിത്രം എഎച്ച്

- **മുഴുവൻ പിടിജി-300 മരുന്നും കുത്തിവയ്ക്കാൻ പ്ലഞ്ചർ സാവധാനം തള്ളുക** (ചിത്രം എഎച്ച്).
- മുഴുവൻ ദ്രാവകവും ഒരിക്കൽ കുത്തിവെച്ച് കഴിഞ്ഞാൽ, സൂചിയും സിറിഞ്ചും നിങ്ങൾ അത് കടത്തിയ അതേ ആംഗിളിൽ ചർമ്മത്തിൽനിന്ന് എടുക്കുക.

## ഘട്ടം 5: റസ്ഫെർട്ടൈഡ് (പിടിജി-300) ഡിസ്പോസ് ചെയ്യൽ


### 5.1



ചിത്രം എഐ

- പിങ്ക് സൂചിയുടെ ഷീൽഡ് സൂചിയുടെ മുകളിലൂടെ യഥാസ്ഥാനത്തേയ്ക്ക് സ്നാപ് ചെയ്ത് സൂചി മൂടുന്നതുവരെ അത് ശ്രദ്ധാപൂർവ്വം തള്ളുക (ചിത്രം എഐ).

### 5.2



ചിത്രം എജെ


- ഉപയോഗിച്ച സിറിഞ്ച് ഉടൻതന്നെ ഷാർപ്സ് കണ്ടെയ്നറിൽ വയ്ക്കുക (ചിത്രം എജെ).

  സൂചിയും സിറിഞ്ചും നിങ്ങളുടെ വീട്ടിലെ ചവറ്റുകുട്ടയിലേയ്ക്ക് **എറിയരുത്.**

  സൂചിയും സിറിഞ്ചും വീണ്ടും ഉപയോഗിക്കരുത്.

  ഷാർപ്സ് കണ്ടെയ്നർ എപ്പോഴും കുട്ടികൾക്ക് എത്താത്തിടത്ത് സൂക്ഷിക്കുക.

### 5.3




ചിത്രം എകെ

- **ശൂന്യമായ കാർട്ടണുകൾ ക്ലിനിക്കൽ സൈറ്റിൽ തിരികെ നൽകുക** (ചിത്രം എകെ).
- **ശൂന്യമായ വയൽ ഒരു ഷാർപ്സ് ഡിസ്പോസൽ കണ്ടെയ്നറിലോ** ക്ലിനിക്കൽ സൈറ്റ് നിർദ്ദേശിച്ച പ്രകാരമോ **കളയുക.**
- **മറ്റു വസ്തുക്കൾ വീട്ടിലെ ചവറ്റുകുട്ടയിൽ ഇടുക.** ഉപയോഗിച്ച സിറിഞ്ചിന്റെ അടപ്പുകൾ, ഉപയോഗിച്ച വയലിന്റെ അടപ്പുകൾ, ഉപയോഗിച്ച വയൽ അഡാപ്റ്ററിന്റെ അടപ്പുകൾ, ഉപയോഗിച്ച ആൽക്കഹോൾ സ്വാബുകൾ, തുറന്ന പായ്ക്കേജിംഗ് എന്നിവ വീട്ടിലെ ചവറ്റുകുട്ടയിൽ കളയാം.

## കൂടുതൽ വിവരങ്ങൾ

- **പിടിജി-300 എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ക്ലിനിക്കൽ സൈറ്റിനെ ബന്ധപ്പെടുക.**